അവശേഷിക്കുന്ന രണ്ടു സോണുകളുടെ പമ്പിംഗ് മെയിനിന്റെയും ഡിസ്ട്രിബ്യൂഷൻ ലൈനിന്റേയും പണികൾ ലഭ്യമായ സാമഗ്രികൾ ഉപയോഗിച്ച് തുടങ്ങുന്നതിനും ടാങ്കുകളുടെ പണി ആരംഭിക്കുന്നതിലേക്കും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പണത്തിന്റെ ലഭ്യത അനുസരിച്ച് ഉദ്ദേശം രണ്ടു കൊല്ലംകൊണ്ട് പണികൾ തീർക്കാൻ സാധിക്കും.

(സി) 2,49,60,000 രൂപ.

(ഡി) ഏകദേശം 98.52 ലക്ഷം രൂപ 1978 ഡിസംബർ വരെ ചെലവഴിച്ചിട്ടുണ്ട്.

മുനിസിപ്പൽ, കോർപ്പറേഷൻ ജീവനക്കാരുടെ ആവശ്യങ്ങളെ സംബന്ധിച്ച് ചർച്ച

917 [1453] ശ്രീ. പി.ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ മുനിസിപ്പൽ, കോർപ്പറേഷൻ ജീവനക്കാർ ഗവൺമെന്റിലേക്ക് നൽകിയ മെമ്മോറാണ്ടത്തിലെ ആവശ്യങ്ങളെ സംബന്ധിച്ച് 2.7.1977-ൽ മുനിസിപ്പൽ വകുപ്പു മന്ത്രിയും വകുപ്പു സെക്രട്ടറിയും വിവിധ സംഘടനകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചകളിൽ അംഗീകരിച്ച കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ കാര്യങ്ങൾ ഉടനെ നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെട്ട കാര്യങ്ങളിൽ ഇതുവരെ ഏഴെണ്ണത്തെ സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇനിയും ഉത്തരവ് പുറപ്പെടുവിക്കേണ്ടവയിൻമേൽ സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

തിരുവനന്തപുരം നഗര വികസനസമിതി രൂപീകരിച്ചശേഷം

918 [1454] ശ്രീ. എ.എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗര വികസനസമിതി രൂപീകരിച്ചശേഷം ഏതെങ്കിലും സ്കീമുകൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇപ്പോൾ പരിഗണനയിലിരിക്കുന്ന പദ്ധതികൾ ഏതെല്ലാം;

(സി) അവ നടപ്പിലാക്കാൻ കാലതാമസം വല്ലതുമുണ്ടോ;

(ഡി) നഗരവികസനപ്രവർത്തനങ്ങൾ വേഗം നടപ്പിലാക്കുന്നതിനു വേണ്ട നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly